No.CEE/3737/2012/KEAM-2013/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

# ബി.ആർക്ക് പ്രവേശനം - 2013

2013 ലെ ബി.ആർക്ക് കോഴ്സ് പ്രവേശനത്തിന് അപേക്ഷിച്ച്, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റേയും NATA സ്കോർ കാർഡിന്റേയും പകർപ്പുകൾ സമർപ്പിച്ചവരുടെ താത്കാലിക ലിസ്റ്റ് **ജൂൺ 14 ാം തീയതി www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്ക്, NATA സ്കോർ എന്നിവയാണ് വെബ്സൈറ്റിൽ നൽകിയിട്ടുള്ളത്.

വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവരം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ, **17.06.2013 (തിങ്കളാഴ്ച്ച) വൈകുന്നേരം 5 മണിക്കു മുമ്പായി** പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ (രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ്) സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽ, യോഗ്യതാ പരീക്ഷയുടേയും NATA സ്കോറിന്റെയും അറ്റസ്റ്റ് ചെയ്ത പകർപ്പുകൾ ഇതുവരെ സമർപ്പിക്കാത്ത വിദ്യാർത്ഥികൾ **17.06.2013 വൈകുന്നേരം 5 മണിക്കു മുമ്പ്** സമർപ്പിക്കേണ്ടതാണ്. ഈ രേഖകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളുടെ ബി.ആർക്ക് ഫലം തടഞ്ഞുവയ്ക്കുന്നതാണ്,

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13.06.2013